എം.റ്റി(2)154/15

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 22-04-2015

**സർക്കുലർ നമ്പർ 21/2015**

വിഷയം: സഹകരണ വകുപ്പ് പ്രാഥമിക വായ്പേതര/ പലവക വിഭാഗം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ - ശാഖ തുറക്കുന്നതിനുള്ള അനുവാദം എന്നിവ നൽകുന്നത് സംബന്ധിച്ച് പരിഷ്ക്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന: (1) സർക്കുലർ നമ്പർ 45/2012
(2) സർക്കുലർ നമ്പർ 8/2015

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള പ്രാഥമിക വായ്പേതര/പലവക വിഭാഗം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ/ശാഖ അനുവദിക്കുന്നത് സംബന്ധിച്ച് സൂചന 1, 2 സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലും ശാഖകൾക്ക് അനുവാദം നൽകുന്നതിലും നടപടി ക്രമങ്ങൾ ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി സൂചന സർക്കുലർ നിർദ്ദേശങ്ങളിലെ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചും, നിലവിലുള്ള ജീവനക്കാരെ കൊണ്ട് മാത്രം ശാഖ പ്രവർത്തിപ്പിക്കണം എന്ന വ്യവസ്ഥയിലും, സംഘത്തിന്റെ 3 വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തിയ ശേഷവും 10 കോടിയിലധികരിച്ച് നിക്ഷേപം/പ്രവർത്തന മൂലധനവും, പെയിഡ് സെക്രട്ടറിയും, പ്രവർത്തനലാഭവും ഉണ്ടെന്ന് ബോദ്ധ്യപ്പെട്ട് ഉറപ്പുവരുത്തിയ ശേഷവും പലവക വായ്പേതര സംഘങ്ങൾക്ക് ശാഖ ആരംഭിക്കുന്നതിനും, സഹകരണ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ച് അനിവാര്യത പൂർണ്ണമായി ഉൾക്കൊണ്ട്, ഔദ്യോഗിക വിവേചനാധികാരത്തോടെ, സഹകരണ സ്ഥാപനങ്ങൾ തമ്മിൽ അനാരോഗ്യകരമായ മത്സരങ്ങൾ ഉണ്ടാക്കുന്നില്ലായെന്ന് ഉറപ്പാക്കി. 8/2015-ാം നമ്പർ സർക്കുലറിന് അനുസൃതമായി പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർക്കു തന്നെ അനുവാദം നൽകാവുന്നതാണ്.

ശാഖകൾക്ക് രണ്ടു വർഷത്തേയ്ക്കുമാത്രം അനുവാദം നൽകാവുന്നതും ടി ശാഖയുടെ പ്രവർത്തനം തൃപ്തികരവും ലാഭകരവും ആണെങ്കിൽ മാത്രമേ ശാഖ

പ്രവർത്തിപ്പിക്കുന്നതിന് തുടർ അനുവാദം നൽകാവൂ എന്നും നിർദ്ദേശിക്കുന്നു. ശാഖ ആരംഭിക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതും അനുവാദം നൽകുന്നതും, പ്രവർത്തനം ആരംഭിച്ചതും, തുടർ അനുവാദ നൽകിയതും സംബന്ധിച്ച എല്ലാ വിവരങ്ങളും ടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പരിശോധനയ്ക്ക് ആവശ്യപ്പെടുന്നവേളയിൽ ഹാജരാക്കേണ്ടതുമാണ്.

സൂചന (2) സർക്കുലറിലെ ക്രമനമ്പർ 2, 4, 6, 10, 14, 17, 18, 21 എന്നിവ പൂർണ്ണമായും റദ്ദ് ചെയ്തു കൊണ്ടും മറ്റ് വ്യവസ്ഥകൾ നിലനിറുത്തിയും പരിഷ്ക്കരിച്ച സർക്കുലർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പുതിയതായ രജിസ്ട്രേഷൻ നൽകുന്ന സഹകരണ സ്ഥാപനങ്ങളുടെ നിയമാവലിയുടെ പകർപ്പും കാറ്റഗറിക്കൽ സ്റ്റേറ്റ്മെന്റും പരിശോധന വിധേയമാക്കുന്നതിനായി നിർബന്ധമായും ഈ ആഫീസിൽ സമർപ്പിക്കണം.

(ഒപ്പ്)
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്–
1. എല്ലാ ജോയിന്റ് രജിസ്ട്രാർ മാർക്കും (ജനറൽ)
2. എല്ലാ ജോയിന്റ് ഡയറക്ടർ മാർക്കും (ആഡിറ്റ്)
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ മാർക്കും (ജനറൽ)
4. എല്ലാ വായ്പേതര സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
5. എഡിറ്റർ, സഹകരണ വീഥി, സഹകരണ ജേണൽ (പ്രസിദ്ധീകരണത്തിന്)
6. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
7. വെബ് സൈറ്റ്
8. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസി.രജിസ്ട്രാർ (എച്ച.വി/എം.ടി)

Nv17/04/2015